# സമഗ്ര ഗുണമേന്മ പദ്ധതി

# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ (2025-26)

# MTLP SCHOOL VALANKARA

ഉപജില്ല - വെണ്ണിക്കുളം

വിദ്യാഭ്യാസ ജില്ല - തിരുവല്ല

റവന്യൂ ജില്ല - പത്തനംതിട്ട.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി :

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഒരു പ്രവർത്തന പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ നിരവധി യോഗങ്ങൾ ചേർന്നും വിവിധ സമിതികൾ രൂപീകരിച്ചും നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ "സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി" തയ്യാറാക്കുകയുണ്ടായി.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പല പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുകയാണ്. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസിൽ വച്ചുതന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമാണ്. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അതത് അവസരങ്ങളിൽ ആവശ്യമായ പഠനപിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഓരോ കുട്ടിയെയും മുന്നിൽ കണ്ടുകൊണ്ട് അവന്റെ ശേഷികളും പരിമിതികളും തിരിച്ചറിഞ്ഞു കൊണ്ടുള്ള പ്രവർത്തനമാണ് സമഗ്രഗുണമേന്മ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട ഉള്ള അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു

താളുകളിൽ


പേജ് 1

അടിസ്ഥാനവിവരങ്ങൾ

ആമുഖം

സ്കൂൾ ചരിത്രം

പേജ് 2

പ്രാദേശിക വിഭവങ്ങൾ

പരിമിതികൾ, പ്രശ്നങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | മേഖല | പേജ് |
|---|---|---|---|
| 1 | സർഗ്ഗസംവാദം | ഭാഷാശാക്തീകരണം | 3 |
| 2 | ഭാഷാപോഷിണി | ഭാഷാവികസനം | 4 |
| 3. | ദിനാചരണങ്ങൾ | സമഗ്രവികസനം | 4 |
| 4. | English corner | ഇംഗ്ലീഷ് പഠനം | 5 |
| 5. | ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് പഠനം | 5 |
| 6. | ഇംഗ്ലീഷ് ഡയറി | ഇംഗ്ലീഷ് പഠനം | 6 |
| 7. | English Word puzzle | " | 6 7 |
| 8 | English fest | " | |
| 9 | വിജ്ഞാന വീഥി | പൊതുവിജ്ഞാനം | 7 |
| 10 | ശാസ്ത്ര സത്യങ്ങൾ | ശാസ്ത്രം | 8 |
| 11 | ശാസ്ത്രവാർത്തകൾ | ശാസ്ത്രം | 8 |
| 12 | field trip | ശാസ്ത്രം / സാമൂഹികം | 9 |
| 13 | 50 ഗണിത കേളികൾ | ഗണിതം | 9 |
| 14 | ജീവധാര | സാമൂഹികം | 10 |
| 15 | ഹരിതാഭ | സാമൂഹികം / സംസ്കാരം | 10 |
| 16 | ചിത്രരചനാക്കളരി | ടാലന്റ് ലാബ് | 11 |

17. കളിയിൽ അല്പം കാര്യം - കായികം - 11

18. മെഡിക്കൽ ക്യാമ്പ് - ആരോഗ്യം

സാമൂഹികം - 12

19. അമ്മവായനക്കൂട്ടം - സാമൂഹികം - 12

20. മതിൽ ചിത്രങ്ങൾ - കലാപരിചയം - 13

21. ശുദ്ധജലം ജീവാമൃതം ആരോഗ്യം - 13

# അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്കൂളിന്റെ പേര് : എം.ടി.എൽ.പി സ്കൂൾ
വാലാങ്കര

മേൽവിലാസം : വെണ്ണിക്കുളം. പി.ഒ
689544

വിദ്യാഭ്യാസ ഉപജില്ല : വെണ്ണിക്കുളം

വിദ്യാഭ്യാസ ജില്ല : തിരുവല്ല

റവന്യൂ ജില്ല : പത്തനംതിട്ട

ആമുഖം (സ്കൂളിന്റെ സ്ഥാനം)

മല്ലപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട പുറമറ്റം വില്ലേജിൽ പുറമറ്റം പഞ്ചായത്തിലെ 4-ാം വാർഡിൽ വെണ്ണിക്കുളം - മല്ലപ്പള്ളി റോഡിൽ വെണ്ണിക്കുളം ജംഗ്ഷനിൽ നിന്ന് ഒന്നര കിലോമീറ്റർ ദൂരത്ത് വാലാങ്കര മുസ്ലീം പള്ളി, മലങ്കര കത്തോലിക്കാപള്ളി എന്നിവ സ്കൂളിനടുത്താണ് കൂടാതെ രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊ. പി.ജെ. കുര്യന്റെ വീടും സ്കൂളിനടുത്താണ് സ്ഥിതി ചെയ്യുന്നത്.

സ്കൂൾ ചരിത്രം (ലഘുരൂപം)

തുരുത്തിക്കാട് മർത്തോമ്മാ ഇടവകയിലെ വാലാങ്കര പ്രാർത്ഥനാക്കൂട്ടത്തിന്റെ

ചൂവതലയിൽ 1071 ൽ മാലയിൽ തോമസ്
സംഭാവനയായി കൊടുത്ത 6 സെന്റ്
സ്ഥലത്ത് ഒരു ഷെഡ് വച്ച് ഒന്നാം ക്ലാസ്
ആരംഭിച്ചു. പിന്നീട് പലരുടെ ശ്രമഫലമാ
യി ഷെഡിന്റെ സ്ഥാനത്ത് ഒരു താൽ
ക്കാലിക കെട്ടിടം പണികഴിപ്പിച്ചു. ചാല
ക്കുന്നത്ത് തിരുമനസ് ഒന്നാമന്റെ
തിരുമേനിയുടെ ശ്രമഫലമായി സ്കൂ-
ളിന് ഗ്രാന്റ് കിട്ടുന്നതിന് ഇടയായി
അതിനുശേഷം ഒരു പൂർണ്ണ പ്രൈമറി
സ്കൂളായിത്തീർന്നു.

കാലാന്തരത്തിൽ വാലാക്കര
പ്രാർത്ഥനാകൂട്ടം ഒരു ഇടവകപള്ളിയായി
തീർന്നപ്പോൾ ഇടവകയുടെ ചൂവതലയിൽ
1112-ൽ ഇതിനോട് ചേർന്ന് 2 സെന്റ്
സ്ഥലം വാങ്ങുകയും അഭ്യുദയകാംക്ഷികളിൽ
നിന്ന് സംഭാവനകൾ സ്വീകരിച്ചു. അനേക
രുടെ അധ്വാനഫലമായും ഇന്നത്തെ നില
യിലുള്ള സ്കൂൾ കെട്ടിടം പണികഴിപ്പിക്കു
കയും ചെയ്തു. വാലാക്കര പ്രദേശത്തെ
ആയിരക്കണക്കിന് കുഞ്ഞുങ്ങൾ ഒരു
നൂറ്റാണ്ടിലധികമായി ഈ സരസ്വതി
ക്ഷേത്രം വിദ്യാഭ്യാസം നേടി വരുന്നു.
ഈ സ്കൂളിൽ പഠിച്ച പലരും ഇന്ന്
പ്രശസ്ത രാഷ്ട്രീയ സാമൂഹിക മേഖല

കളിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും ഉന്നതനിലയിൽ ജീവിച്ച് പ്രവർത്തിക്കുന്നത് ഈ വിദ്യാലയത്തിന് ഏറെ അഭിമാനകരമായ ഓർത്തോഡോ കോർപറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട ഈ വിദ്യാലയം

## പ്രാദേശിക വിഭവങ്ങൾ

സ്കൂളിനുവേണ്ടി സജീവമായി പ്രവർത്തിക്കുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പി.റ്റി.എ. അഭ്യുദയകാംക്ഷികൾ, അയൽക്കാർ, പൂർവ്വ വിദ്യാർത്ഥികൾ, ജനനിധികൾ സന്നദ്ധസംഘടനകൾ, എന്നിവരുടെ സേവനങ്ങളും സഹായങ്ങളും സ്കൂളിന് ലഭിച്ചു വരുന്നു.

## പരിമിതികൾ, പ്രശ്നങ്ങൾ

(എ) അക്കാദമികം

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിൽ കുട്ടികൾക്കുള്ള പിന്നോക്കാവസ്ഥ, ചുരുക്കം ചിലർ ഗണിത ക്രിയയിലുള്ള പിന്നോക്കാവസ്ഥ പൊതുവിജ്ഞാനമേഖലകളിൽ പിന്നോക്കം പോകുന്ന അവസ്ഥ

ലൈബ്രറി പുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിന് വേണ്ടത്ര അലമാരകൾ, റാക്ക് എന്നിവയുടെ കുറവ്. കാലഘട്ടത്തിനനുയോജിച്ച സ്മാർട്ട് ക്ലാസ്സ് റൂമിന്റെ അഭാവം

(സി) പാഠ്യാനുബന്ധം

അദ്ധ്യാപകരുടെ കുറവ്, കലാകായികം പ്രവൃത്തി പരിചയം എന്നിവയ്ക്ക് മികവുറ്റ അധ്യാപകർ ഇല്ലാത്ത അവസ്ഥ

## പ്രവർത്തനപദ്ധതി വിശദാംശങ്ങൾ

### പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര്: സർഗ്ഗസംവാദം

മേഖല : ഭാഷാ ശാക്തീകര…

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശദാം… |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക കുട്ടികളുടെ സർഗ്ഗവാസന മെച്ചപ്പെടുത്തുക | പ്രാദേശികമായി ലഭിക്കുന്ന ഭാഷാ വിദഗ്ധരെ സ്കൂളിലെത്തിക്കുക അവരുടെ വായനാ അനുഭവങ്ങൾ എഴുത്ത് അനുഭവങ്ങൾ ഇവ | ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം | SRG കൺവീനർ | രൂ-2000/ സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഭാഷാപോഷിണി
മേഖല : ഭാഷാ വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവ്വഹണച്ചുമതല | ധനകാര്യ വിശദാംശം |
|---|---|---|---|---|
| വായന, എഴുത്ത് ഇവയിൽ പിന്നോക്കം നിൽക്കുന്നവരെ പ്രോത്സാഹിപ്പിക്കുക അക്ഷരങ്ങൾ, ചിഹ്നങ്ങൾ മുതലായവ ഉറപ്പിക്കാൻ കടങ്കഥകൾ, കഥകൾ ഗാനങ്ങൾ ഇവയ്ക്ക് ഊന്നൽ നൽകൽ. ലൈബ്രറി ഉപയോഗപ്പെടുത്തൽ | അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി പദ കേളികൾ നടത്തൽ. വായനയിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേകം തെരഞ്ഞെടുത്ത പുസ്തകങ്ങൾ നൽകൽ കുറിപ്പുകൾ തയ്യാറാക്കൽ ICT സാധ്യത ഉപയോഗപ്പെടുത്തൽ | ദിവസവും ഒഴിവു സമയങ്ങളിൽ | SRG | തുക 500/- SSA ഫണ്ട് |

മോണിട്ടറിംഗ് : മാസത്തിലൊരിക്കൽ SRG കൂടി പ്രവർത്തനങ്ങൾ ഫലപ്രദമാണോ എന്ന് വിലയിരുത്തുക. അല്ലെങ്കിൽ മാറ്റം വരുത്തുക PTA യിൽ പങ്കുവയ്ക്കുക.

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

മേഖല : സമഗ്രവികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ വിവിധ ശേഷികളുടെ സമഗ്രവികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | 10 മാസം | SRG | |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് - English Corner
മേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനത്തിനുയോജ്യമായ സാഹചര്യം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്നവിധം വാക്കുകൾ വാചകങ്ങൾ എന്നിവ പ്രദർശിപ്പിക്കുക. ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കൽ | | | |

# പ്രവർത്തനം -5

## പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി

മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | ധനസമാഹരണം വിഭവങ്ങൾ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ കുട്ടികൾക്കും ചുമതല വിഭജിച്ചു നൽകൽ | ഒരു വർഷം ആഴ്ചയിൽ 2 ദിവസം | SRG കൺവീനർ | |

## പ്രവർത്തനം-6

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷിൽ വാചകങ്ങൾ എഴുതുന്നതിനുള്ള ശേഷി നേടുക | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന പ്രധാന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ഒരു വർഷം ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപകർ | - |

## പ്രവർത്തനം - 7

പ്രവർത്തനത്തിന്റെ പേര് : English word puzzles

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെ ഇംഗ്ലീഷ് പഠനം ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഇംഗ്ലീഷ് പദശേഖരം നിർമ്മിക്കുന്നു. അനുയോജ്യമായ ചോദ്യങ്ങൾ നൽകുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുന്ന | പ്രതിവാര പരിപാടി | ഇംഗ്ലീഷ് അധ്യാപകർ | |

| | | | |
|---|---|---|---|
| ... ന്ന സമയം നൽകുന്നു. വിജയികളെ കണ്ടെത്തുന്നു. കൂടാതെ വിജയികളെ ബെഞ്ചിൽ നമ്മുടെ പുഞ്ചിലൂടെ നിശ്ചയിക്കുന്നു | | | |

പ്രവർത്തനം - 8

പ്രവർത്തനത്തിന്റെ പേര്: English fest

മേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവഹണ ഉദ്യോഗസ്ഥർ | ഫലങ്ങൾ വിലയിരുത്തൽ |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടും ഉച്ചാരണശുദ്ധിയോടും ഇംഗ്ലീഷ് പറയുന്നതിനു കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ | ഇംഗ്ലീഷ് കുട്ടികൾ പഠിച്ചതും മറ്റ് ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ചതിൽ നിന്നുമുള്ള കഥകൾ, rhymes conversation ലഘുസംഭാഷണം, riddle skit, എന്നിവ ഉൾപ്പെടുത്തി ഒരു പൊതു മീറ്റിംഗിൽ നടത്തുക. ഇവ നടത്തുന്നതിന് കുട്ടികൾക്കാവശ്യമായ പരിശീലനം നൽകുക | ഒരു വർഷത്തിൽ ഒക്ടോബർ മാർച്ച് മാസങ്ങളിലായി രണ്ടു പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | |

പ്രവർത്തനം - 9

# പ്രവർത്തനത്തിന്റെ പേര്: വിജ്ഞാനവീഥി

മേഖല : പൊതുവിജ്ഞാനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവ്വഹണച്ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ പൊതുവിജ്ഞാനശേഷി ഉയർത്തുക മത്സരപരീക്ഷകളിലും മറ്റും വിജയം നേടാൻ പ്രാപ്തരാക്കുക. | എല്ലാ ദിവസവും നിശ്ചയിക്കപ്പെട്ട കുട്ടികൾ ചോദ്യങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. അറിയാൻ പാടില്ലാത്തവർക്ക് പഠിപ്പിച്ചു കൊടുക്കുന്നു മാസാവസാനം പരീക്ഷ നടത്തി വിജയികൾക്ക് സമ്മാനം നല്കുന്നു വർഷാവസാനം മെഗാ ക്വിസ് നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. | മാസത്തിൽ ഒരിക്കൽ | ഹെഡ്മാസ്റ്റർ | രൂ 100/- സമ്മാനങ്ങൾ (staff fund) |

പ്രവർത്തനം - 10

# പ്രവർത്തനത്തിന്റെ പേര്: ശാസ്ത്ര സത്യങ്ങൾ

മേഖല : ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവ്വഹണച്ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക ശാസ്ത്ര അറിവുകൾ പ്രവ | ശാസ്ത്രതത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ | ആഴ്ചയിൽ ഒന്ന് എന്ന ക്രമത്തിൽ ഒരു വർഷം | SRG | Rs. 1000/- ലഘുപരീക്ഷണങ്ങൾക്കാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിന് SSA ഫണ്ട് |

| | | | | |
|---|---|---|---|---|
| | കുട്ടികൾ അവതരിപ്പിക്കുന്ന അവരുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് ശാസ്ത്രതത്വങ്ങൾ മനസ്സിലുറപ്പിക്കുക. ചിത്രം സഹിതം പ്രത്യേകം ബുക്കിൽ രേഖപ്പെടുത്തുക. | | | |

## പ്രവർത്തനം - 11

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്രവാർത്തകൾ

മേഖല - ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | ധനകാര്യ വിശദാംശം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിൽ കുട്ടികൾക്കുള്ള താല്പര്യം വർദ്ധിപ്പിക്കുക. | ഓരോ ദിവസവും ദിനപത്രങ്ങളിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകളും വിശേഷങ്ങളും വെട്ടിയെടുത്ത് ശാസ്ത്രബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുക. | ദിനം പ്രതി | SRG കൺവീനർ — | — |

## പ്രവർത്തനം - 12

പ്രവർത്തനത്തിന്റെ പേര്: ഫീൽഡ് ട്രിപ്പുകൾ

മേഖല : ശാസ്ത്രം/സാമൂഹികം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ കുട്ടികൾ പഠിക്കുന്ന കാര്യങ്ങൾ പരിസരപ്രദേശങ്ങളിൽ നേരിട്ട് ചെന്ന് കണ്ടു മനസ്സിലാക്കുക പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | ശാസ്ത്ര - സാമൂഹിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ പ്രവർത്തനകേന്ദ്രങ്ങൾ എന്നിവ PTA അംഗങ്ങളോടൊപ്പം കുട്ടികളും അധ്യാപകരും നേരിട്ട് ചെന്ന് കണ്ട് കുട്ടികൾ മനസ്സിലാക്കുന്നു. | മാസത്തിൽ ഒന്ന് വീതം | SRG/ PTA | സ്കൂ 2000/- PTA 2000/- |

## പ്രവർത്തനം - 13

പ്രവർത്തനത്തിന്റെ പേര് - 50 ഗണിത കേളികൾ

മേഖല - ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | നിർവഹണ ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ രൂപങ്ങൾ, അളവുകൾ, സമയം എന്നിവ വിവിധ തരം കളികളുമായി ബ- | ചതുഷ്ക്രിയകൾ രൂപങ്ങൾ, സമയം എന്നിവയുമായി ബന്ധപ്പെട്ട വിവിധതരം കണക്കിലെ | 6 മാസം | SRG. | |